**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2899** **28-02-2023 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ ആറുകളിലും തോടുകളിലുമുള്ള പായൽ നീക്കം ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ ആറുകളിലും തോടുകളിലും അടിഞ്ഞു കിടക്കുന്ന പായൽ നീക്കം ചെയ്യുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | പ്ലാൻ പദ്ധതി, നബാർഡ്, എസ്.ഡി.ആർ.എഫ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി disiltation പ്രവൃത്തികൾ നടപ്പിലാക്കുന്നതിനോടൊപ്പം കുട്ടനാട്ടിലെ ആറുകളിലും തോടുകളിലും അടിഞ്ഞു കൂടിയ പായൽ നീക്കം ചെയ്തു വരുന്നു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ 14.03.2022-ലെ DMC2-37654/2011/MW- നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കുട്ടനാട് പ്രദേശത്തെ വീയപുരം പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന അച്ചൻകോവിലാറ്റിലെ പായലും എക്കലും മറ്റു മാലിന്യങ്ങളും നീക്കം ചെയ്യുന്ന പ്രവൃത്തി ഭാഗീകമായി ആലപ്പുഴ വൻകിട ജലസേചന വിഭാഗം മുഖേന നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പായൽ നീക്കം ചെയ്യാത്തത് മൂലം വെള്ളം കെട്ടികിടന്ന് മലിനമാകുന്നതും ചെറു വള്ളങ്ങൾക്കുൾപ്പെടെ സഞ്ചരിക്കാൻ കഴിയാത്തതും പരിഹരിക്കാൻ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | ആറുകളിലും വീതി കൂടിയ തോടുകളിലും പായൽ കെട്ടികിടന്ന് മലിനമാകുകയോ ചെറുവള്ളങ്ങൾക്ക് സഞ്ചരിക്കുവാൻ കഴിയാത്ത സാഹചര്യമോ ഉണ്ടായാൽ പായൽ നീക്കം ചെയ്ത് പ്രശ്നം പരിഹരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ